ഹരിത സ്റ്റോറുകളുടെ പ്രവർത്തനം

30 [1961] ശ്രീ. ഇ. ശങ്കരൻ:
ശ്രീമതി എൻ. കെ. രാധ:
ശ്രീ. കെ. പി. മമ്മു മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹരിത സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഹരിത സ്റ്റോറിൽ മിക്ക സാധനങ്ങൾക്കും പൊതു മാർക്കറ്റിലുള്ളതിനേക്കാൾ വില കൂടുതലാണെന്ന പരാതി സർക്കാർ പരിശോധിക്കുമോ;

(സി) ഹരിത സ്റ്റോറുകൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ചെയ്തുകൊടുക്കുന്നത്;

(ഡി) ഇവ നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതു മാർക്കറ്റിൽ ഉള്ളതിനേക്കാൾ നേരിയ തോതിൽ വില കുറച്ചാണ് സാധാരണയായി സാധനങ്ങൾ വിറ്റുവരുന്നത്.

(സി) 10 ശതമാനം കമ്മീഷൻ വ്യവസ്ഥയിലാണ് ഏജൻസികൾ അനുവദിക്കുന്നത്. ചില്ലറ വില്പനയ്ക്കുള്ള സാധനങ്ങൾ ഹരിത സ്റ്റാളുകളിൽ ആവശ്യാനുസരണം അന്നന്ന് ഹോർട്ടികോർപ്പ് കോർപ്പറേഷൻ എത്തിച്ചുകൊടുക്കുന്നു.

(ഡി) ഉണ്ട്. ഹോർട്ടികോർപ്പ് കോർപ്പറേഷൻ നിർത്തലാക്കി അതിന്റെ സ്ഥാനത്ത് കേരള സർക്കാരിന്റേയും, കൃഷിക്കാരുടെയും പങ്കാളിത്തത്തോടുകൂടി ഒരു പുതിയ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ബദൽ സംവിധാനം ഉണ്ടാകുന്നതുവരെ ഹരിത സ്റ്റോറുകൾ തുടർന്ന് പ്രവർത്തിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആനക്കയം കൃഷിഭവൻ മാറ്റി സ്ഥാപിക്കാൻ നടപടി

31 [1962] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കയം കൃഷിഭവൻ മാറ്റി സ്ഥാപിക്കണമെന്ന ഗ്രാമ വികസന സമിതിയുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(സി) ഇല്ലെങ്കിൽ ആനക്കയം കൃഷിഭവൻ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ ആനക്കയത്ത് ഉപയോഗ യോഗ്യമല്ലാതെ കിടക്കുന്ന കൃഷി വകുപ്പിന്റെ സീഡ് സ്റ്റോർ നന്നാക്കി കൃഷിഭവൻ മാറ്റാൻ ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

കൃഷി ഭവനുകളിലെ ഒഴിവുകൾ നികത്താൻ നടപടി

32 [1963] ശ്രീ. ലോനപ്പൻ നമ്പാടൻ:
പ്രൊഫസർ മീനാക്ഷി തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷി ഭവനുകളുണ്ട്; ഇവയിലാകെ എത്ര കൃഷി അസിസ്റ്റന്റുമാരുണ്ട്;

(ബി) കൃഷി അസിസ്റ്റന്റുമാരില്ലാത്ത കൃഷി ഭവനുകൾ സംസ്ഥാനത്ത് എത്രയുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) പി. എസ്. സി. വഴി പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1048 കൃഷി ഭവനുകളുണ്ട്. 3075 കൃഷി അസിസ്റ്റന്റുമാരുണ്ട്.

(ബി) കൃഷി അസിസ്റ്റന്റുമാർ ആരുമില്ലാത്ത കൃഷി ഭവനുകളില്ല.

(സി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നാഷണൽ വാട്ടർഷെഡ് ഡെവലപ്മെന്റ്

33 [1964] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. കെ. അബു:
,, പി. വി. മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് അനുസരിച്ച് എന്തെല്ലാം ജോലികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിന് എത്ര ശതമാനമാണ് കേന്ദ്ര ഗവൺമെന്റ് സഹായം;

(സി) നടപ്പുവർഷം എന്തു തുക ചെലവാക്കി;

(ഡി) ഈ പദ്ധതി സംസ്ഥാനത്തിലെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly